ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 378 സ്വകാര്യ ഐ.ടി.സി.-കളും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.ടി.സി.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ.ടി.സി.-യും പ്രവർത്തിക്കുന്നുണ്ട്.

(ബി) ലോകബാങ്ക് പദ്ധതിയിൻ കീഴിൽ കേന്ദ്ര സർക്കാരിന്റെ 50% കേന്ദ്രവിഹിത സ്കീമിൽ സംസ്ഥാനത്തെ 19 ഐ.ടി.ഐ.-കളിൽ ആകെ 10 സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ എസ്.പി.ഐ.-യും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) കളമശ്ശേരി എ.വി.റ്റി.എസിൽ ഹൈടെക് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. 1989 മുതൽ 1998 വരെയുള്ള പദ്ധതി കാലയളവിൽ 19 ഐ.ടി.ഐ.-കളിൽ സ്ഥാപിച്ചിട്ടുള്ള മെഷീനറികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.† ഏതെല്ലാം ഐ.ടി.ഐ.-കളിൽ ഏതെല്ലാം മെഷീനറികൾ സ്ഥാപിച്ചു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിതരണം ചെയ്ത മെഷീനറികൾ പ്രവർത്തകയോഗ്യമല്ലെന്ന ഐ.റ്റി.ഐ. പ്രിൻസിപ്പാൾമാർ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ മാദ്ധ്യമങ്ങളിൽ ഇപ്രകാരം വാർത്തകൾ വന്നതിനെത്തുടർന്ന് സ്റ്റോർ പർച്ചേയ്സ് വകുപ്പ് ഇത് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയും അത് ഇപ്പോൾ വിജിലൻസ് വകുപ്പ് വീണ്ടും അന്വേഷിച്ച് വരികയുമാണ്.

അംഗീകാരമില്ലാത്ത സർക്കാർ ഐ.ടി.ഐ.-കൾ

74 [2201] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ഐ.ടി.ഐ./ഐ.ടി.സി.-കൾ ആണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ./ഐ.ടി.സി.-കളിൽ ഏതിനെല്ലാം സർട്ടിഫിക്കറ്റ് നൽകുന്ന അധികാര സ്ഥാനത്തിന്റെ അംഗീകാരമില്ലെന്ന് വെളിപ്പെടുത്തുമോ;

(സി) അംഗീകാരമില്ലാത്ത സർക്കാർ ഐ.ടി.ഐ.-കൾക്ക് അംഗീകാരം തിരികെ കിട്ടാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് സർക്കാർ ഐ.ടി.ഐ.-കളിൽ അംഗീകാരമില്ലാത്തവയിൽ ഏതിലെല്ലാം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) അംഗീകാരം നഷ്ടപ്പെട്ട വിവരം അറിയിച്ചാണോ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

† നിയമസഭ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ മേഖലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 32 ഐ.ടി.ഐ.-കളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.ടി.സി.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ഐ.ടി.സി.-യും സ്വകാര്യമേഖലയിൽ 378 ഐ.ടി.സി.-കളും പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി.ഐ./ഐ.ടി.സി.-കളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ചുവടെപ്പറയുന്ന ഐ.ടി.സി.-കൾക്ക് നിലവിൽ എൻ.സി.വി.റ്റി.-യുടെ അംഗീകാരമില്ല.

എസ്.സി.ഡി.സി. ഐ.ടി.സി.,	കാഞ്ഞിരംകുളം	തിരുവനന്തപുരം ജില്ല
,,	ശിങ്കാരത്തോപ്പ്,	
,,	അഞ്ചാമട	
,,	പന്തളം-പത്തനംതിട്ട	
,,	ഇടത്തുരുത്തി	തൃശ്ശൂർ
,,	എരുമപ്പെട്ടി	
,,	പൊന്നാനി-മലപ്പുറം	
,,	ഏലത്തൂർ-കോഴിക്കോട്	

(സി) വ്യാവസായിക പരിശീലന വകുപ്പ് നേരിട്ട് നടത്തുന്ന 32 സർക്കാർ ഐ.ടി.ഐ.-കൾക്കും അംഗീകാരമുണ്ട്.

(ഡി—ഇ) ബാധകമല്ല.

കോഴിക്കോട് ഐ.ടി.ഐ.-ക്ക് ചുറ്റുമതിൽ

75 [2202] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഐ.ടി.ഐ. കോമ്പൗണ്ടിന് ചുറ്റുമതിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചുറ്റുമതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് പണി തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഹോസ്റ്റൽ കെട്ടിടവും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എന്ന് പണി തുടങ്ങാനാവുമെന്ന് അറിയിക്കുമോ?

† നിയമസഭ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly